REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-05-2026 സമയം 12.30 AM

## പ്രധാന വാർത്തകൾ

- **15,000 ത്തിലധികം പേർക്ക് നീന്തൽ പഠനത്തിന് അവസരമൊരുക്കിയ ആലുവയിലെ സജി വാലശേരിയുടെ ജീവിതം വലിയ പാഠമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി മൻകി ബാത്തിൽ.**
- **രാജ്യത്തെ മാമ്പഴ കർഷകർ, കാർഷിക സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്കുവഹിക്കുന്നതായും പ്രധാനമന്ത്രി.**
- **ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ ഉപജീവന ബത്ത മൂന്ന് മാസത്തേക്ക് കൂടി തുടരും.**
- **IPL ക്രിക്കറ്റ് ഫൈനലിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

ആലുവയിലെ നീന്തൽ പഠന ക്ലബിന്റെ സ്ഥാപകനായ സജി വാലശേരിയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. മൻകി ബാത്ത് റേഡിയോ പ്രഭാഷണത്തിന്റെ 134-ാം പതിപ്പിലാണ് പ്രധാനമന്ത്രി സജി വാലിശ്ശേരിയെക്കുറിച്ച് പരാമർശിച്ചത്.

15,000-ത്തിലധികം ആളുകൾക്ക് നീന്തൽ പഠനത്തിന് അവസരമൊരുക്കിയ നീന്തൽ ക്ലബ് നടത്തുന്ന സജിയുടെ ജീവിതം വലിയൊരു പാഠമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഭിന്നശേഷിക്കാരായ കുട്ടികളെ പോലും സജി നീന്തൽ പഠിപ്പിച്ചിട്ടുണ്ട്. കുറച്ച് വർഷങ്ങൾക്ക് മുമ്പ്, നിരവധി വിദ്യാർത്ഥികൾ ബോട്ടപകടത്തിൽ മരിക്കാനിടയായ സംഭവമാണ് സജിയെ നീന്തൽ ക്ലബ് സ്ഥാപിക്കാൻ പ്രേരിപ്പിച്ചതെന്ന് പ്രധാനമന്ത്രി പറഞ്ഞു. സേവനത്തിന് വലിയ വിഭവങ്ങൾ ആവശ്യമില്ലെന്നും, വേണ്ടത് നല്ല ഉദ്ദേശ്യവും സ്ഥിരമായ

പരിശ്രമവുമാണെന്നും ഇവ ഉപയോഗിച്ച് ആയിരക്കണക്കിന് ആളുകളുടെ ജീവിതത്തെ പരിവർത്തനം ചെയ്യാൻ കഴിയുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

......PM വോയ്സ്.....

✪✪✪

രാജ്യത്തെ ജ്യോതി ശാസ്ത്ര മേഖലയുടെ വളർച്ചയെ കുറിച്ച് പറഞ്ഞ പ്രധാനമന്ത്രി ആസ്ട്രോ കേരള എന്ന ജ്യോതി ശാസ്ത്ര സ്ഥാപനത്തെ കുറിച്ചും പരാമർശിച്ചു. നമ്മുടെ രാജ്യത്ത് നൂറ്റാണ്ടുകൾ പഴക്കമുള്ള നിരീക്ഷണശാലകൾ നിലവിലുണ്ടെന്നും ഇവിടെ അത്ഭുതകരമായ ഗണിതശാസ്ത്ര കണ്ടെത്തലുകൾ നടന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തുടനീളം ജ്യോതിശാസ്ത്ര കൂട്ടായ്മകൾ അതിവേഗം പ്രചാരം നേടുന്നുവെന്ന് വ്യക്തമാക്കിയാണ് പ്രധാനമന്ത്രി ആസ്ട്രോ കേരളയെ പരാമർശിച്ചത്. ആസ്ട്രോ കേരള രാത്രികാല നിരീക്ഷണ ക്യാമ്പുകളും പരിശീലനകളരികളും സംഘടിപ്പിക്കുന്നതും ഇവിടെ, ദൂരദർശിനി നിർമ്മിക്കാനും നക്ഷത്ര ഭൂപടങ്ങൾ ഉപയോഗിക്കാനും പഠിക്കുന്നതും പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

......PM വോയ്സ്.....

✪✪✪

ജാർഖണ്ഡിലെ റാഞ്ചിയിൽ ദേശീയ സീനിയർ അത്‌ലറ്റിക് ഫെഡറേഷൻ മത്സരത്തിൽ നാല് ദേശീയ റെക്കോർഡുകൾ തകർത്ത അത്‌ലറ്റുകൾക്ക് അഭിനന്ദനം അറിയിച്ച് പ്രധാനമന്ത്രിയുടെ ആകാശവാണി മൻ കി ബാത്. കായിക മേളയിൽ രണ്ട് ദിവസം കൊണ്ട് പുരുഷന്മാരുടെ നൂറ് മീറ്റർ ഓട്ടത്തിൽ ദേശീയ റെക്കോർഡ് മൂന്ന് തവണ തകർന്ന നേട്ടം അദ്ദേഹം പങ്കുവെച്ചു. റെക്കോർഡ് ഭേദിച്ച രണ്ട് അത്‌ലറ്റുകളുമായി പ്രധാനമന്ത്രി ഫോണിൽ സംസാരിക്കുകയും ചെയ്തു.

രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ കൊടുംവേനലും കഠിനമായ ചൂടും നേരിടുമ്പോൾ സ്വയം ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു. ഭാരതീയ നാടൻ പാനീയങ്ങൾ ഉപയോഗിച്ചും അവയുടെ ആരോഗ്യമൂല്യം അനുഭവിച്ചും വേനൽച്ചൂട് അതിജീവിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. സർബത്തും, മോരും, സംഭാരവും, പാനകവും, ബേൽപനയും, രാജ്യത്തെ വിവിധ ദേശങ്ങളുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. അവ ഏകഭാരതം ശ്രേഷ്ഠഭാരതം എന്നതിന്റെ സത്തയുടെ സന്ദേശ വാഹകരാണ്. ബ്രാൻഡിംഗ് ഇല്ലെങ്കിലും തലമുറകളുടെ അനുഭവം പേറുന്ന നാടൻ പാനീയങ്ങൾ ആസ്വദിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

ഓരോ നാടിനും മാമ്പഴത്തിന്റെതായ പാരമ്പര്യം നിലനിൽക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഹാപ്പൂസ്, അൽഫോൻസോ, കേസർ, ദസഹരി, ലാംഗ്ര എന്നീ മാമ്പഴ ഇനങ്ങൾ ഓരോ നാടിന്റെയും മുഖമുദ്രകളാണ്. ഗ്രാമങ്ങളിൽ നിന്ന് ആഗോള വിപണിയിലേക്ക് എത്തിച്ചേരുന്ന രുചി വൈവിദ്ധ്യം കാർഷിക സമ്പൽസമൃദ്ധി ഉറപ്പാക്കുന്നു.

രാജ്യത്തെ മാമ്പഴ കർഷകർ കാർഷിക സമ്പദ് വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടവരും ജനപ്രിയരുമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

......PM വോയ്സ്.....

✪✪✪

നെതർലാന്റ്സിലെ സന്ദർശനത്തിനിടയിൽ ചോള കാലഘട്ടത്തിലെ പുരാതന ചെമ്പു തകിടുകൾ ഭാരതത്തിന് തിരികെ ലഭിച്ചത് അഭിമാനകരമാണെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ലോകത്തെ തമിഴർ ഈ കാര്യത്തിൽ ഉത്സാഹഭരിതരാണ്. അമൂല്യമായ പൈതൃകങ്ങൾ സംരക്ഷിക്കാൻ കേന്ദ്രഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണന്നും നരേന്ദ്രമോദി പറഞ്ഞു.

ഭാരതത്തിലെ ഓരോ ഗ്രാമത്തിലും നഗരത്തിലും ജനങ്ങളെ പ്രചോദിപ്പിക്കുന്ന എന്തെങ്കിലും സംഭവിക്കാറുണ്ടെന്നും അവയെക്കുറിച്ച് ബോധവാന്മാരാകുമ്പോൾ നമ്മുടെ രാജ്യം ജനങ്ങളുടെ ശക്തിയാൽ മുന്നോട്ട് പോവുകയാണെന്ന വിശ്വാസം കൂടുതൽ ദൃഢമാകുമെന്നും പ്രധാനമന്ത്രി അറിയിച്ചു. സമൂഹത്തിന് വേണ്ടി നല്ല കാര്യങ്ങൾ ചെയ്യുന്നവരെ തിരിച്ചറിഞ്ഞ് അവരെ അഭിനന്ദിക്കുകയും പഠിക്കുകയും വേണമെന്ന് മൻ കി ബാതിൽ നരേന്ദ്രമോദി ജനങ്ങളെ ആഹ്വാനം ചെയ്തു.

✪✪✪

വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ ഉപ ജീവന ബത്ത മൂന്ന് മാസത്തേക്ക് കൂടി തുടരാൻ മന്ത്രിമാരായ T. സിദ്ദിഖ്, KM ഷാജി എന്നിവരുടെ നേതൃത്വത്തിൽ കലക്ടറേറ്റിൽ ചേർന്ന അവലോകന യോഗം തീരുമാനിച്ചു. ദുരന്തബാധിതർക്ക് സ്വന്തമായി വരുമാനമാർഗ്ഗം കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിലാണിത്.

പുനരധിവാസ പദ്ധതികളുടെ പൂർണ്ണമായ അവലോകനവും പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് എന്നത് സംബന്ധിച്ച വിലയിരുത്തലും യോഗത്തിൽ നടത്തി. ടൗൺഷിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തൊഴിലാളികളുടെ കുറവ് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. 2,300-ലധികം തൊഴിലാളികൾ ജോലി

ചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ തൊള്ളായിരത്തോളം പേർ മാത്രമാണ് ജോലി ചെയ്യുന്നത്. കൂടുതൽ തൊഴിലാളികളെ കൊണ്ടുവന്ന് പ്രവൃത്തികൾ വേഗത്തിലാക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് യോഗം നിർദ്ദേശം നൽകി.

✪✪✪

രണ്ട് മാസത്തെ ഒഴിവുകാലത്തിനു ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. എല്ലാ വിദ്യാലയങ്ങളിലും വിദ്യാർഥികളെ സ്വീകരിക്കാൻ പ്രവേശനോത്സവം ഉണ്ടായിരിക്കും.

സംസ്ഥാനതല പ്രവേശനോത്സവം നാളെ രാവിലെ 9.30-ന് തിരുവനന്തപുരം പട്ടം ഗവ. മോഡൽ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ N.ഷംസുദ്ദീൻ, K.മുരളീധരൻ, C.P.ജോൺ, ജനപ്രതിനിധികൾ, കലാ-സാംസ്കാരിക- വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കും.

കാസർകോട് ജില്ലാതല പ്രവേശനോത്സവം നാളെ രാവിലെ കൈക്കോട്ടുകടവ് പൂക്കോയ തങ്ങൾ സ്മാരക വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലാണ്.

കോഴിക്കോട് ജില്ലാതല പ്രവേശനോത്സവം നടുവണ്ണൂർ ഹയർ സെക്കൻഡറി സ്കൂളിൽ MK രാഘവൻ MP ഉദ്ഘാടനം ചെയ്യും.

S.S.L.C, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാലയങ്ങളെയും വിദ്യാർഥികളെയും സയൻസ് ഇൻസ്പയർ അവാർഡ് ജേതാക്കളെയും ജില്ലാ പഞ്ചായത്ത് ആദരിക്കും.

✪✪✪

കേരള ഫോക് ലോർ അക്കാദമിയുടെ സഹകരണത്തോടെ കണ്ണൂർ സർവകലാശാല ആസ്ഥാനത്ത് സ്ഥാപിച്ച ഫോക്‌ലോർ ആർട്ട് ഗ്യാലറി നാളെ രാവിലെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. PM-ഉഷ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച സർവകലാശാല സെനറ്റ് ഹാൾ, സെമിനാർ കോംപ്ലക്സ്, ആധുനികീകരിച്ച 40 സ്മാർട്ട് ക്ലാസ് മുറികൾ, എന്നിവയും ഗവർണർ ഉദ്ഘാടനം ചെയ്യും.

✪✪✪

കർണാടക മുഖ്യമന്ത്രിയായി DK ശിവകുമാർ ബുധനാഴ്ച സത്യപ്രതിജ്ഞ ചെയ്യും. വൈകിട്ട് ബംഗലുരൂവിലെ ലോക് ഭവനിലാണ് സത്യപ്രതിജ്ഞാ ചടങ്ങ്. ഉപമുഖ്യമന്ത്രിയായിരുന്ന DK ശിവകുമാറിനെ കോൺഗ്രസ് നിയമസഭാ കക്ഷി

യോഗം പുതിയ നേതാവായി തെരഞ്ഞെടുത്തിരുന്നു. മുഖ്യമന്ത്രി സിദ്ധരാമയ്യയുടെ രാജിയെ തുടർന്നാണ് യോഗം ചേർന്നത്.

✪✪✪

ചിന്തയിലെയും പ്രവൃത്തിയിലേയും നവീകരണം സൈനിക ശേഷിയുടെ വളർച്ചയ്ക്ക് കാരണമാകുമെന്ന് സംയുക്ത സേനാമേധാവി ലെഫ്റ്റനന്റ് ജനറൽ NS രാജാസുബ്രഹ്മണി പറഞ്ഞു. ചുമതലയേറ്റ ശേഷം ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വ്യവസായം, അക്കാദമിക് ഗവേഷണം, സ്റ്റാർട്ട് അപ്പുകൾ എന്നിവയുമായി ഉണ്ടാക്കുന്ന സഹകരണം സായുധസേനയുടെ ആധുനികവത്കരണത്തിന് പ്രധാനമാണെന്ന് സംയുക്ത സേനാമേധാവി അഭിപ്രായപ്പെട്ടു.

✪✪✪

മൂന്ന് പതിറ്റാണ്ടിലേറെക്കാലം തനത് ശബ്ദമാധുര്യത്താൽ മലയാളി ശ്രോതാക്കളെ റേഡിയോക്ക് മുന്നിലിരുത്തിയ ആകാശവാണി വാർത്താ അവതാരകൻ അനിൽ ചന്ദ്രൻ സർവീസിൽ നിന്ന് വിരമിച്ചു. കോഴിക്കോട് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗത്തിൽ ന്യൂസ് റീഡർ കം ട്രാൻസ്ലേറ്റർ ഗ്രേഡ് 2 ആയി സേവനമനുഷ്ഠിക്കുകയായിരുന്നു അനിൽ ചന്ദ്രൻ.

ഡെസ്ക് റിപ്പോർട്ട്.......

........വോയ്സ്.......

1995 ഒക്ടോബർ 19 ന് ഡൽഹി ആകാശവാണിയിലാണ് അനിൽ ചന്ദ്രൻ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. 1997 ൽ കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിലേക്ക് മാറി. ഈ കാലയളവിൽ മലയാള ഭാഷയുടെ തനത് പാരമ്പര്യം ഉയർത്തിപ്പിടിച്ച് വാർത്താ ഭാഷയെ മൗലികമാക്കുന്നതിൽ അദ്ദേഹം നിർണായക പങ്ക് വഹിച്ചു. ആകാശവാണിയുടെ പ്രഭാത വാർത്താ ബുള്ളറ്റിനുകളിലെ സ്ഥിരം ശബ്ദമായിരുന്ന അനിൽ ചന്ദ്രൻ ആയിരത്തി അഞ്ഞൂറിലേറെ പതിപ്പുകൾ പിന്നിട്ട ജനപ്രിയ പരിപാടിയായ 'വാർത്താ ദീപ്തി'യുടെ ഭൂരിഭാഗം സ്ക്രിപ്റ്റും അവതരണവും നിർവ്വഹിച്ചു.

തൃശൂർ ശ്രീ കേരള വർമ്മ കോളജിൽ നിന്ന് മലയാള ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തരബിരുദം നേടിയ അനിൽ ചന്ദ്രൻ, മാസ് കമ്യൂണിക്കേഷൻ ആൻഡ് ജേർണലിസത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്.

ഔദ്യോഗിക പദവിയിൽ നിന്ന് പടിയിറങ്ങിയാലും റേഡിയോ ശ്രോതാക്കളുടെ മനസ്സിൽ അനിൽ ചന്ദ്രൻ എന്ന വാർത്താ അവതാരകന്റെ ശബ്ദഗാംഭീര്യം എന്നും നിലനിൽക്കും.

✪✪✪

IPL ക്രിക്കറ്റ് ഫൈനൽ ഇന്ന്. അഹമ്മദാബാദ് നരേന്ദ്രമോദി സ്റ്റേഡിയത്തിൽ നിലവിൽ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകീട്ട് 7.30ന് ആണ് മത്സരം.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: ശരണ്യരാജൻ*
*News team : അനിൽ ചന്ദ്രൻ, സയ്യിദ് അലി ശിഹാബ്,*
*DEO: സി കെ സുബോധ്*